**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ. പി.ഒ, തിരുവനന്തപുരം – 3**
**ഫോൺ : 0471 2737240, 0471 2737222, 0471 2737 246**
**email - scdirectorate.estt@gmail.com**

---

**No. Estt. A3- 8413/17** **തീയതി : 24.05.2017.**

ഡയറക്ടർ

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർ

ട്രെയിനിംഗ് ഇൻസ്പെക്ടർ,
ഉത്തരമേഖല,
കോഴിക്കോട്.

ട്രെയിനിംഗ് ഇൻസ്പെക്ടർ,
ദക്ഷിണമേഖല,
തിരുവനന്തപുരം.

പ്രിൻസിപ്പാൾ,
പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ.

സർ,

വിഷയം : പട്ടികജാതി വികസനം - ജീവനക്കാര്യം - പൊതുസ്ഥല മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. സ.ഉ(പി) നം.3/2017/ഉ ഭ പ വ തീയതി:24.02.2017.
2. എ.ആർ 14-1/71/2017/ ഉ ഭ പ വ തീയതി: 10.05.2017.

****************

സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം പൊതുസ്ഥലം മാറ്റം ഓൺലൈൻ സമ്പ്രദായത്തിൽ കൂടി നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം വകുപ്പ് NIC യുമായി ചേർന്ന് പൊതുസ്ഥലം മാറ്റം ഓൺലൈൻ മുഖേന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത നടപടി ക്രമം മുഴുവൻ പൂർത്തിയാക്കി അപേക്ഷ ക്ഷണിക്കുന്നതിന് കാലതാമസം വരുമെന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ വർഷം പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ ഓൺലൈൻ മുഖേന അല്ലാതെ നേരിട്ട് ക്ഷണിക്കുന്നു. കൂടാതെ സൂചന(2) പ്രകാരം സർക്കാരിൽ നിന്നും പൊതുസ്ഥലം മാറ്റം നിശ്ചിത സമയപരിധിക്കുള്ളിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സ്ഥലം മാറ്റം ആഗ്രഹിക്കുന്ന വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥർ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയോടൊപ്പം 31.05.2017 ന് മുൻപായി ബന്ധപ്പെട്ട ജില്ലാ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ ആഫീസർമാർ ജില്ലാ തലത്തിൽ ലഭിക്കുന്ന അപേക്ഷകൾ തസ്തിക തിരിച്ച് ലിസ്റ്റ് ചെയ്ത് 05.06.2017 ന് മുമ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡയറക്ടർക്കുവേണ്ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

*ചീഫ് പബ്ലിസിറ്റി ആഫീസർ*
*(പത്ര പരസ്യം നൽകുന്നതിന്)*

ആജ്ഞാനുസരണം

സൂപ്രണ്ട്

AR 25.5.17